**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2855** **22-01-2021 - ൽ മറുപടിയ്ക്ക്**

**കുപ്പിവെള്ള നിർമ്മാണ ഫാക്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ ഫാക്ടറി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് (കിഡ്ക്) കൈമാറിയിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | കൈമാറിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് ഇത് കൈമാറിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | 28/02/2020 ലെ GO(MS) No.17/2020/WRD എന്ന ഉത്തരവ് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ പ്രകാരമാണ് പ്ലാന്റ് കൈമാറ്റം ചെയ്തിട്ടുള്ളത്. 1. സർക്കാരിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ സ്ഥാപിച്ച 7200 LPH കുപ്പിവെള്ള പ്ലാന്റ് സർക്കാർ അംഗീകരിച്ച വ്യവസ്ഥകൾ പ്രകാരം കരാറിൽ ഏർപ്പെട്ട് കൊണ്ട് KIIDC-ന് കൈമാറേണ്ടതാണ്. 2. നിലവിലെ ആസ്തികളും ബാധ്യതകളും ഉൾപ്പെടെ 7 വർഷത്തേക്ക് പാട്ട വ്യവസ്ഥയിലാണ് പ്ലാന്റ് കൈമാറുന്നത്. 3. പ്ലാന്റ് നടത്തിപ്പ് സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ, BIS ലൈസൻസിംഗ് പോലുള്ള മറ്റു ലൈസൻസിംഗ് നടപടികൾ, മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള നിക്ഷേപക ആസൂത്രണങ്ങൾ എന്നിവ KIIDC-ന്റെ ഉത്തരവാദിത്വത്തിൽ പെട്ടതായിരിക്കും. 4. കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകേണ്ടുന്ന പാട്ടനിരക്ക് സംബന്ധിച്ച നിർദ്ദേശം KIIDC സർക്കാരിന് സമർപ്പിക്കേണ്ടതും പ്രസ്തുത നിർദ്ദേശം, കേരള വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും. 5. മാർക്കറ്റിംഗ് സംബന്ധമായ എല്ലാ കാര്യങ്ങളും KIIDC-ൽ നിക്ഷിപ്തമായിരിയ്ക്കും. 6. കരാർ വ്യവസ്ഥകളിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയതിനു ശേഷം ഒരു മാസത്തിനുള്ളിൽ തന്നെ കേരള വാട്ടർ അതോറിറ്റിയും KIIDC-ഉം തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതും പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്. |

| | | | |
|---|---|---|---|
| (സി) | ലാഭത്തിന്റെ എത്ര ശതമാനം ആണ് കിഡ്ക് ജലഅതോറിറ്റിക്ക് കൈമാറേണ്ടതെന്ന് വ്യക്തമാക്കുമോ; | (സി) | ഇത് സംബന്ധിച്ച വ്യവസ്ഥകൾ തീരുമാനിച്ചിട്ടില്ല. |
| (ഡി) | പ്ലാന്റിന്റെ നിർമ്മാണത്തിനായി ജലഅതോറിറ്റി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്നറിയിക്കാമോ; | (ഡി) | 14.71 കോടി രൂപ |
| (ഇ) | പ്ലാന്റിന് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേഡ്സിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (ഇ) | പ്ലാന്റിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ അംഗീകാരം 23.10.2020 ൽ ലഭിച്ചു. |

സെക്ഷൻ ഓഫീസർ